# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2598 — 18.06.2018 ൽ മറുപടിക്ക്

### റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ.പി.കെ. ശശി | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിൻ കീഴിലെ റോഡുകളിൽ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ടെലഫോൺ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും കുഴികൾ എടുക്കുന്നതും റോഡ് മുറിക്കുന്നതും മൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കുഴികൾ എടുക്കുന്നതും റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച്, കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ ആവശ്യകത സംബന്ധിച്ചും, വിവിധ വകുപ്പുകൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് G.O.(Rt) No. 30/2018/PWD dated 05.01.2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. |
| (ബി) സ്വകാര്യ വ്യക്തികൾ റോഡുകൾ കുഴിക്കുമ്പോഴോ, മുറിക്കുമ്പോഴോ പൊതുമരാമത്ത് വകുപ്പധികൃതർ ഇതു പരിശോധിക്കുകയോ പുനർനിർമ്മാണ പ്രക്രിയ കൃത്യസമയത്ത് നടപ്പാക്കുകയോ ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പിന്റെ അനുവാദത്തോടുകൂടി സ്വകാര്യവ്യക്തികൾ റോഡുകൾ കുഴിക്കുകയോ, മുറിക്കുകയോ ചെയ്യുമ്പോൾ വകുപ്പധികൃതർ പരിശോധിക്കുകയും , പുനർനിർമ്മാണ പ്രക്രിയ കൃത്യസമയത്ത് നടപ്പാക്കുകയും ചെയ്യുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുവാദമില്ലാതെ റോഡുകൾ കുഴിക്കുമ്പോൾ പുനർനിർമ്മാണ പ്രക്രിയ കൃത്യസമയത്ത് നടപ്പാക്കാൻ സാധിക്കാറില്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ റോഡുകളിൽ മറ്റുവകുപ്പുകൾ പ്രവർത്തനം നടത്തി അപാകതകൾ ഉണ്ടാക്കിയാൽ പൊതുമരാമത്ത് വകുപ്പിന് പരാതി നൽകാൻ ഒരു കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്തെന്നും ഇല്ലെങ്കിൽ ഈ സർക്കാർ അതിനായി എന്ത് നടപടി കൈകൊള്ളും എന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | (സി) | ഇല്ല. എന്നാൽ നിലവിൽ ഏത് പരാതിയും സ്വീകരിക്കാൻ കേന്ദ്രീകൃതമായ പബ്ലിക് ടോൾ ഫ്രീ കോൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്.മാസത്തിലെ ആദ്യത്തെ ബുധനാഴ്ച പൊതുമരാമത്ത് മന്ത്രി നേരിട്ട് ഫോണിൽ പരാതി കേൾക്കുകയും, പരിഹാര നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**